"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-ചോക്കാട് ഗ്രാമപഞ്ചായത്ത് - പഞ്ചായത്തിന്റെ ബാധ്യതകളിൽ നിന്നും ശ്രീ. എം. അബ്ദുൽ ഹമീദിനെ ഒഴിവാക്കിക്കൊണ്ട് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1094/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2021

പരാമർശം:- 1 ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 12.02.2008-ലെ 887/08 നമ്പർ കത്ത്.

2 ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2014-ലെ ബി1-3307/14 നമ്പർ നടപടിക്രമം.

3 ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.09.2014-ലെ ബി1-3307/14 നമ്പർ കത്ത്.

4 ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ.അബ്ദുൾ ഹമീദ് സമർപ്പിച്ച 14.01.2015-ലെ ഹർജി.

5 ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.06.2015-ലെ എ4/3251/2015 നമ്പർ കത്ത്.

6 നിയമസഭാ സെക്രട്ടറിയുടെ 13.02.2017-ലെ 13529/ഹർജി സി1/2015/നി.സെ. നമ്പർ കത്ത്.

7 ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.02.2021-ന് ചേർന്ന മീറ്റിംഗിലെ 2(1) നമ്പർ തീരുമാനം.

8 ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.02.2021-ലെ എ5-945/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചോക്കാട് ഗ്രാമപഞ്ചായത്ത് 2002-03 വർഷത്തിൽ SGRY പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിച്ച കാളികാവ് പുഴയുടെ മാങ്കുണ്ട് ഭാഗം അരിക് ഭിത്തി നിർമ്മാണ പ്രവൃത്തിക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കൺവീനറായ ശ്രീ. എം. അബ്ദുൾ ഹമീദ് 27.02.2004-ന് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ഭക്ഷ്യ ധാന്യ ഇനത്തിൽ പ്രവൃത്തിക്കായി 774.95 ക്വിന്റൽ അരി കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ അരിയുടെ വില ഇനത്തിൽ 4,80,469/- രൂപ 26.06.2006-ന് പഞ്ചായത്തിൽ തിരിച്ചടച്ചിരുന്നു. എന്നാൽ പ്രവൃത്തി നടപ്പാക്കാത്ത സ്ഥിതിക്ക് സബ്സിഡി നിരക്കിന് ടിയാൻ അർഹനല്ലെന്നും മാർക്കറ്റ് വിലയായ ക്വിന്റലിന് 1,235/- രൂപ നിരക്കിൽ

പലിശ ഉൾപ്പടെ തുക തിരികെ അടവാക്കേണ്ടതുണ്ടെന്നും മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അടവാക്കിയ 4,80,469/- രൂപ കിഴിച്ച് ബാക്കി തുകയായ 4,76,594/- രൂപയും പിഴപലിശയും സഹിതം തിരികെ അടവാക്കണമെന്ന് കാണിച്ച് ടിയാന് ചോക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും പരാമർശം (1) പ്രകാരം കത്ത് നൽകിയിരുന്നു. ഇതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ടിയാൻ സമർപ്പിച്ച റിട്ട് ഹർജിയിൽ [WP(C) No.29117/2008] പരാതിക്കാരനെ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് കേട്ട് തീരുമാനമെടുക്കണമെന്ന് 20.11.2013-ൽ ബഹു. കോടതി ഉത്തരവായിരുന്നു. ബഹു. കേടതി ഉത്തരവനുസരിച്ച് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിന് പഞ്ചായത്ത് സെക്രട്ടറി പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നെങ്കിലും കോടതി നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ ടിയാൻ പഞ്ചായത്ത് സെക്രട്ടറി മുൻപാകെ ഹാജരാവുകയോ മറുപടി നൽകുകയോ ചെയ്തിരുന്നില്ല. 01.07.2014-ന് ടിയാൻ നൽകിയ വിശദീകരണം 16.07.2014-ലെ ഭരണസമിതിയോഗം ചർച്ചചെയ്യുകയും മറുപടിയിൽ പരാമർശിച്ച കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെന്ന് ബോധ്യമായതിനാൽ നിരസിക്കുകയും നിയമാനുസൃത തുടർനടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി അടവാക്കേണ്ട തുകയായ 4,76,594/- രൂപയും പലിശ ഇനത്തിൽ 10,05,108/- രൂപയും ഉൾപ്പടെ 14,81,702/- രൂപ അടവാക്കുന്നതിന് പരാമർശം (3) പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നു.

2. പഞ്ചായത്തിന്റെ ടി ബാധ്യതകളിൽ നിന്നും ഒഴിവാക്കിത്തരണം എന്നാവശ്യപ്പെട്ട് ശ്രീ. എം. അബ്ദുൾ ഹമീദ് നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പരാമർശം (4) പ്രകാരം ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ സമർപ്പിച്ച റിപ്പോർട്ട് നിയമസഭാ സമിതി പരിഗണിക്കുകയും ഹർജിക്കാരന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്ത വിവരം നിയമസഭാ സെക്രട്ടറി പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു.

3. സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മാനുഷിക പരിഗണന നൽകി പഞ്ചായത്തിന്റെ എല്ലാ ബാധ്യതകളിൽ നിന്നും ടിയാനെ ഒഴിവാക്കാണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 01.02.2021-ലെ ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയും, പരാമർശം (7) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ശ്രീ. എം. അബദുൽ ഹമീദ് എന്നയാളുടെ സാമ്പത്തിക നില വളരെ പരിതാപകരവും ദയനീയവുമാണെന്നും അന്നന്നത്തെ ചെലവിന് തന്നെ വളരെ പ്രയാസം അനുഭവപ്പെടുന്ന ആളാണ് ടിയാനെന്നും 5 സെന്റ് സ്ഥലത്ത് നാട്ടുകാർ നിർമ്മിച്ചു നൽകിയ വീട്ടിലാണ് ടിയാനും കുടുംബവും താമസിക്കുന്നതെന്നും, ശ്രീ. എം. അബ്ദുൽ ഹമീദിന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന 4,76,594/- രൂപയും ആയതിന്റെ പിഴ പലിശയും ഇനത്തിലെ ഭീമമായ തുക അടവാക്കുന്നതിന് ഒരിക്കലും സാധിക്കാത്ത അവസ്ഥയാണ് അന്നും ഇപ്പോഴും ഉള്ളതെന്നും ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 01.02.2021-ലെ ഭരണസമിതി യോഗം വിലയിരുത്തി. ആയതിനാൽ മാനുഷിക പരിഗണന നൽകി ടിയാനെ ഈ സാമ്പത്തിക ബാധ്യതയിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുവാൻ യോഗം അംഗീകരിച്ച് തീരുമാനിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമസഭാ സമിതിയുടെ ശിപാർശയുടെയും, ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.02.2021-ന് ചേർന്ന യോഗത്തിലെ 2 (1) നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. എം. അബ്ദുൽ ഹമീദിനെ ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന 4,76,594/- രൂപയും ആയതിന്റെ പിഴ പലിശയും ഒടുക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.
ശ്രീ. എം. അബ്ദുൽ ഹമീദ്, മുസ്ലിയാരകത്ത് ഹൗസ്, ഉദരംപൊയിൽ, പുല്ലങ്കോട് പി.ഒ., മലപ്പുറം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.